കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂർക്കനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.27/1880/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി - 18-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂർക്കനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂർക്കനാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2(1) ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.11/17

കെ.എസ്.എ.എം.പി.എം.27/1880/2017 തിയ്യതി:18-08-2017

# മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 14.08.16മുതൽ 24.07.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-7-2017മുതൽ 3-8-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം. മുഹമ്മദ് അലി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം,<br>സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി ) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. രാജഗോപാലൻ | 1-4-2016മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.രാകേഷ് മോഹൻ.എം. എച്ച്.സി.(ഇൻചാർജ് ) | 1.4.16മുതൽ 18.06.2016വരെ |
| | ശ്രീ. ഹബീബ്. വി.എച്ച്. | 19.06.16 മുതൽ 08.02.17 വരെ |
| | ശ്രീമതി മീരാഭായ്. കെ | 09.02.17 മുതൽ 16.02.17വരെ |
| | ശ്രീ. ഷറഫുദ്ധീൻ. ഇ | 17.02.2017 മുതൽ 18.03.17വരെ |
| | ശ്രീമതി മീരാഭായ്. കെ. | 19.03.2017 മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി രജിന വാസുദേവൻ | 1.4.16 മുതൽ 31.3.17വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി കദീജ ഇ.എം. | 1.4.16 മുതൽ 31.3.17വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി സിജിമോൾ ഇ.ടി. | 1.4.16 മുതൽ 08.09.16വരെ |
| | ശ്രീമതി ഷെറിൻ ബീഗം | 09.09.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ | ശ്രീ. രാജു പടുവിൽ | 1.4.16 മുതൽ 24.06.16വരെ |
| | ശ്രീ. രാകേഷ്. എ.പി. | 25.06.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.പി.മുജീബ്റഹ്മാൻ | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.ഷംസാദ് . പി. | 1.4.16 മുതൽ 07.08.16വരെ |
| | ഡോ.എ. മനോജ് കുമാർ | 08.08.16 മുതൽ31.03.17 വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ. മുഹമ്മദ് ഫൈസൽ | 01.04.16 മുതൽ 09.05.2016 വരെ |
| | ഡോ. ഷിഹാബുദ്ദീൻ | 10.05.16 മുതൽ 30.06.16 വരെ |
| | ഒഴിവ് | 01.07.16 മുതൽ 22.07.16 വരെ |
| | ഡോ.കെതുൽ പ്രമോദ്. ഇ | 23.07.16 മുതൽ 31.03.17 |
| അസി.സെക്രട്ടറി | ശ്രീ. ശ്രീകുമാർ | 1.4.16മുതൽ 15.06.16വരെ |
| | ഒഴിവ് | 16.06.16മുതൽ 29.08.16വരെ |
| | ശ്രീമതി പ്രേമ. വി.ജി. | 30.08.16മുതൽ 31.12.16വരെ |
| | ഒഴിവ് | 1.7.17മുതൽ 12.01.17വരെ |
| | ശ്രീമതി മീരാഭായ്. കെ. | 13.01.17 മുതൽ 31.03.17വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 11 | നികുതി നിർണ്ണയിക്കാതെ 11 മൊബൈൽ ടവറുകൾ- പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം | 2-1 |
| 12 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-4 |
| 15 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം | 2-5 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-6 |
| 17 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-7 |
| 18 | ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു. | 2-8 |
| 19 | 2016-17 വർഷത്തെ വിനോദ നികുതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 2-9 |
| 20 | ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയിട്ടില്ല | 2-10 |
| 21 | സാംഖ്യ രസീതി സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 2-11 |
| | ഭാഗം 3 | |
| 22 | പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ഓട്ടോറിക്ഷാ വിതരണം - അപാകതകൾ | 3-1 |
| 23 | പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വിവാഹ ധനസഹായം - അപാകതകൾ | 3-2 |
| 24 | പട്ടികജാതി മേഖലയിൽ സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കൽ - അപാകതകൾ | 3-3 |
| 25 | പട്ടികജാതി ജാതി കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനുള്ള ഫൈബർ ടാങ്ക് - | 3-4 |

| | | |
|---|---|---|
| | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | |
| 26 | ദിവസ വേതന ജീവനക്കാരന് അധിക നിരക്കിൽ ഉൽസവ ബത്ത നൽകി | 3-5 |
| 27 | അസിസ്റ്റന്റ് സെക്രട്ടറി- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-6 |
| 28 | കൈപറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 3-7 |
| 29 | വക്കീൽ ഫീസ് തിരികെ ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-8 |
| 30 | കോടതി വിധി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തി | 3-9 |
| 31 | ജീവനക്കാരിൽ നിന്ന് SLI വരിസംഖ്യ ഈടാക്കിയില്ല. | 3-10 |
| 32 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറിയില്ല. | 3-11 |
| 33 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സകോളർഷിപ്പ്- ബ്ലോക്ക് വിഹിതം വിതരണം ചെയ്തില്ല | 3-12 |
| 34 | സ്ട്രീറ്റ് ടാപ്പുകൾ സംയുക്ത പരിശോധന നടത്തിയില്ല | 3-13 |
| 35 | പെൻഷൻ അംശദാനം അടവാക്കിയില്ല | 3-14 |
| 36 | പി.എച്ച്.സി ഫാർമസിക്ക് എയർ കണ്ടീഷണർ സ്ഥാപിക്കൽ - അപാകതകൾ | 3-15 |
| 37 | രോഗനിർണ്ണയ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല [ | 3-16 |
| 38 | അലോപ്പതി മരുന്നുകൾ ലഭ്യമായിട്ടില്ല | 3-17 |
| 39 | തെരുവുനായ നിയന്ത്രണ പദ്ധതി- അപാകതകൾ | 3-18 |
| 40 | ആശ്രയ പദ്ധതി നിശ്ചലമായി | 3-19 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 46 | ഓഡിറ്റ് റിക്കവറി | 4.6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

<u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 18.03.2016 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 28.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 01.08.2017,<br>02.08.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

<u>വാർഷിക ധനകാര്യ പത്രിക പരിശോധന : അപാകതകൾ</u>

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആന്റ് പെയ്മന്റ് പത്രിക അടുത്ത മാസം 10-ാം തീയ്യതിക്ക് മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പട്ടിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോട് കൂടി തുടർന്ന് വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്. എന്നാണുള്ളത് എന്നാൽ ആയതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല

2.ധനകാര്യവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.വസ്തുനികുതി, വിനോദ നികുതി, മിസലേനിയസ് വരവുകൾ എന്നിവയുടെ ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. മുൻവർഷ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ളതിനേക്കാൾ തുക വസ്തുനികുതി കുടിശ്ശികയിനത്തിൽ തൻവർഷം വരവ് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വസ്തുനികുതി | 15-16 AFS പ്രകാരം കുടിശ്ശിക | 16-17 AFS പ്രകാരം വരവ് |
|---|---|---|
| റെസിഡൻഷ്യൽ ബിൽഡിംഗ് | 6,10,455 | 9,51,583 |
| നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് | - | 3,37,505 |

6. താഴെപ്പറയുന്ന അക്കൗണ്ടുകളിലെ AFSപ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ, ബാങ്ക് പാസ്ബുക്കുമായി

പൊരുത്തപ്പെടുന്നില്ല. റികൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കിയിട്ടില്ല

| അക്കൗണ്ട് | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| കനറാ ബാങ്ക് | 23289962 | 23382474 |
| SMGB | 45944 | 46444 |
| ട്രഷറി (ജോയിൻറ് വെൻച്വർ) | 274572 | 150000 |
| ട്രഷറി സ്പെഷൽ TSB | 24264684 | 23788429 |
| SBT | 3596 | 5000 |

7. പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള/ ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ വെച്ചിട്ടില്ല

8. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 41184170 |
| വരവ് | 55332806 |
| ആകെ | 96516976 |
| ചെലവ് | 46789921 |
| നീക്കിയിരിപ്പ് | 49727055 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ്. | 2147 | 12894502 | 12896649 | 12850705 | --- | 99.64 | 45944 |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,24,77,039 | 1,24,77,039 | 12477013 | 26 | 100 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 50,04,192 | 50,04,192 | 34,95,151 | 15,09,041 | 69.84 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 61,45,725 | 61,45,725 | 41,00,013 | 20,45,712 | 67 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 34,22,490 | 34,22,490 | 2679077 | 7,43,413 | 78 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 69,97,542 | 69,97,542 | 61,37,540 | 8,60,002 | 88 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 291542 | 291542 | 291542 | - | 100 | 0 |
| ബിഫണ്ട് | 0 | 44452015 | 44452015 | 44452015 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 194 | 76252204 | 117 | 34577686 | 72 | 5 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം -70 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6274313 | 6675681 | 401368 | 6.4 |
| നികുതിയേതര വരവുകൾ | 11307168 | 917696 | 10389472 | (-)91 |
| മറ്റുവരവുകൾ | 10369530 | 795443 | 9574087 | (-)92 |
| ആകെ | 27951011 | 8388820 | 1956219 | (-)70 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 132960 | 81 |
| കർഷകതൊഴിലാളി പെൻഷൻ | 2693120 | 309 |
| വിധവാപെൻഷൻ | 17902210 | 1657 |
| വാർദ്ധക്യകാലപെൻഷൻ | 18382440 | 1605 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4295975 | 444 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 615310 | 57 |
| വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.17ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60,287 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ രേഖകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. വസ്തു നികുതി,വിനോദ നികുതി, ബിൽഡിങ്പെർമിറ്റ് തുടങ്ങിയ വരവിനങ്ങളുടെ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിപിരിച്ചെടുക്കുന്നതിലെ വീഴ്ചകാരണം ലക്ഷക്കണക്കിന് രൂപയാണ് ഓരോവർഷവും നഷ്ടം സംഭവിക്കുന്നത്.ജീവനക്കാരുടെ തുടർച്ചയായ സ്ഥലം മാറ്റവും സെക്രട്ടറിയുടെ മേൽനോട്ടത്തിന്റെ അഭാവവും കാര്യാലയത്തിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ട പല വിവരങ്ങളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല.സെക്രട്ടറിക്ക് നൽകിയ 14 എൻക്വയറികളിൽ ഒന്നിന് പോലും മറുപടി നൽകിയിട്ടില്ല.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ TR7Aകാഷ് ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക് , പ്രൊജക്ട് റജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.അസിസ്റ്റന്റ് സെക്രട്ടറി 14.12.2016 വരെ മാത്രമെ കാഷ് ബുക്കിൽ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളൂ. പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി കാഷ് ബുക്ക് എന്നിവയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 01.07.2017 | ജൂൺ 2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-08-2008 മുതൽ 10-09-2008 വരെ | 1997-98മുതൽ 2007-08 വരെ | 21-10-2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി നിർണ്ണയിക്കാതെ 11 മൊബൈൽ ടവറുകൾ- പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ആകെ ഒരു ടവറിന് മാത്രമാണ് ( ഐഡിയ സെല്ലുലാർ ലി. 254, കൊളത്തൂർ- ആല്പംകൂട്ടം) നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ 12 ടവറുകൾ പ്രവർത്തിക്കുന്നതായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നികുതി ഈടാക്കി വരുന്ന ഒരു ടവർ ഒഴിച്ച് ബാക്കിയുള്ളവക്ക് നാളിതു വരെ

നികുതി നിർണ്ണയിക്കുക പോലും ചെയ്തിട്ടില്ല . നികുതി നിർണ്ണയിക്കാത്ത പ്രസ്തുത ടവറുകൾക്ക് നിർമ്മാണ അനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. വർഷങ്ങളായി പ്രവർത്തിക്കുന്ന ടവറുകൾക്ക് നികുതി ഈടാക്കാത്തത് വഴി ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമാണ് ഓരോ വർഷവും ഉണ്ടാകുന്നത്. പഞ്ചായത്തിൽ ആകെ ഒരു ടവർ മാത്രം നികുതി അടവാക്കി വരുന്ന സാഹചര്യം ഉണ്ടായിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫീൽഡ് പരിശോധന നടത്തി അടിയന്തിര നടപടികളിലൂടെ പ്രസ്തുത ടവറുകളുടെ നികുതി പിഴ സഹിതം ഈടാക്കിയും ഇവയിൽ നിർമ്മാണ അനുമതി നൽകാത്ത ടവറുകളുടെ ഉടമകൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിച്ചും ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ തന്നെ വിവരമറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇതിൽ തുടർ അന്വേഷണം നടത്തി ഗ്രാമ പഞ്ചായത്തിന് നാളിതുവരെ ഉണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഗ്രാമ പഞ്ചായത്തിൽ, അഞ്ചാം വാർഡിൽ നീലുകാവിൽ കുളമ്പ് എന്ന പ്രദേശത്ത് ഒന്നര വർഷമായി പ്രവർത്തിക്കുന്ന, ഇൻഡസ് ടവേഴ്സ് ലി. പാലാരിവട്ടം എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന് നാളിതു വരെ നികുതി അസസ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് നിർമ്മാണ അനുമതി നൽകിയ മൊബൈൽ ടവർ പ്രവർത്തിക്കാൻ തുടങ്ങി ഒന്നര വർഷമായിട്ടും നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും പ്രസ്തുത ടവർ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ. ശ്രീകുമാർ അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പിന്നീട് 1.6.2017 ൽ ടവർ ഉടമ നമ്പർ ലഭിക്കുന്നതിന് അപേക്ഷ നൽകിയെങ്കിലും സമർപ്പിച്ച പ്ലാനിൽ വ്യത്യാസമുള്ളത് കാരണം നമ്പർ അനുവദിച്ചിട്ടില്ല. ഇപ്പോഴും പ്രവർത്തിച്ച്കൊണ്ടിരിക്കുന്ന പ്രസ്തുത ടവറിന് നികുതി അസസ് ചെയ്ത് ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.

## 2-2 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പി.ടി.ഫ്യുവൽസ്, വെങ്ങാട് എന്ന സ്ഥാപനത്തിന്റെ (പെട്രോൾ പമ്പ്) ദിവസ വിറ്റു വരവിനനുസരിച്ച് 2016-17 വർഷത്തേക്കുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിക്കുന്ന ലൈസൻസ് ഫീ ഈടാക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. വിശദ വിവരം ചുവടെ

| സ്ഥാപനം | ദിവസ വിറ്റു വരവ് | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| പി.ടി.ഫ്യുവൽസ്, വെങ്ങാട് | 200,000 | 4000 | 2000<br>രസിതി-നം 11603100228/ 15.4.2016 | 2000 |

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ പി.ടി.ഫ്യുവൽസ്, വെങ്ങാട് (പെട്രോൾ പമ്പ്)എന്ന സ്ഥാപനത്തിന്റെ 2016-17രണ്ട് അർദ്ധ വർഷത്തേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. വിശദ വിവരം ചുവടെ

| സ്ഥാപനം | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|
| പി.ടി.ഫ്യുവൽസ്, വെങ്ങാട് | 2016-17രണ്ട് അർദ്ധ വർഷത്തേയും | വരുമാനംഅനുസരിച്ച് |

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

അനൂപ് (ക്ലാർക്ക്) കാനറ ബാങ്ക്, കുളത്തൂർ, യുടെ 2016-17 രണ്ടാം അർദ്ധ വർഷത്തെ വരുമാനം132600 രൂപയാണ്. എന്നാൽ ടിയാനിൽ നിന്ന് 1000 രൂപയാണ് തൊഴിൽ നികുതി ഈടാക്കിയത് (250 കുറവ്), (രസീതി നം-1160340033/ 16.3.2017 ). ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.

## 2-5 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾകൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോവർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടത് സെക്രട്ടറിയുടെ ബാധ്യതയാണ്. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾക്ക് ഒരു സ്ഥിരം ലൈസൻസ് നമ്പർ നൽകി എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.

## 2-6 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|---|
| 1 | അരുൺ കുര്യൻ, | മാനേജർ | കാനറ ബാങ്ക്, കുളത്തൂർ | 2016-17 രണ്ടാം |
| 2 | ഡോ. മനോജ് കുമാർ.എ | ചീഫ് മെഡിക്കൽ ഓഫീസർ | ജി.എ.ഡി, കുളത്തൂർ | 2016-17 ഒന്നാം |
| 3 | ജയിൻ മേരി.എം.വി | അറ്റന്റർ | ജി.എ.ഡി, കുളത്തൂർ | 2016-17 രണ്ടാം |

## 2-7 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആരുടേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത

ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | കേരളാ ഗ്രാമീൺ ബാങ്ക് | 2016-17 രണ്ടാം അർദ്ധവർഷം |

## 2-8 ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമായ മജ്ലിസ്, എച്.എസ്.എസ്, വെങ്ങാട് , ജീവനക്കാരുടെ ശമ്പളം ,പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(ms)36/11 നമ്പർ ഉത്തരവ് പ്രകാരമുള്ളതിനേക്കാൾ കുറവായി രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി റിട്ടേൺ സമർപിച്ചിട്ടുള്ളത് . പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(ms)36/11 നമ്പർ ഉത്തരവ് പ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം ചുവടെ കാണും പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

| തസ്തിക | മിനിമം വേതനം |
|---|---|
| ഹെഡ് മാസ്റ്റർ | 7000 |
| ഹൈസ്കൂൾ അധ്യാപകർ | 6000 |
| പ്രൈമറി അധ്യാപകർ | 5000 |
| ക്ലാർക്ക് | 4000 |
| പ്യൂൺ | 3500 |

എന്നാൽ 2016-17 ഒന്നാം അർദ്ധവർഷത്തിൽ പോലും മുകളിൽ കാണിച്ചതിലും കുറഞ്ഞ നിരക്കിലുള്ള ശമ്പളമാണ് പ്രസ്തുത സ്കൂൾ ജീവനക്കാർക്ക് നൽകിയതായി റിട്ടേണുകളിൽ കാണിച്ചിട്ടുള്ളത്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.തൊഴിൽ നികുതി ചട്ടം 10 പ്രകാരം തെറ്റായ റിട്ടേണുകൾ സമർപ്പിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ കൈകൊള്ളാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ ശരിയായ ശമ്പളം കാണിച്ചുള്ള റിട്ടേണുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ല.

## 2-9 2016-17 വർഷത്തെ വിനോദ നികുതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ശ്രീവത്സം മൂവീസ് കുളത്തൂർ, ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, വെങ്ങാട് എന്നീ സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വ്യക്തമായ വിവരം ഗ്രാമ പഞ്ചായത്ത് കാര്യലയത്തിൽ ലഭ്യമല്ല. 2016-17 വർഷത്തിൽ വിനോദ നികുതി വരവ് പരിശോധിക്കാനാവശ്യമായ യാതൊരു രേഖയും ഒഡിറ്റിന് ലഭ്യമാക്കിയില്ല. വിനോദ നികുതി രജിസ്റ്റർ, ടിക്കറ്റ് സീൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (17/ 2.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. ശ്രീമതി.എൻ.കെ.രജിത, ശ്രീ. എം.വിനോദ്, ശ്രീ.സുരേഷ് കുമാർ, ശ്രീ. ഷീൻ എക്സ് എന്നീ (ക്ലാർക്ക് )ജീവനക്കാരാണ് പ്രസ്തുത കാലയളവിൽ ഈ സെക്ഷൻ കൈകാര്യം ചെയ്തിരുന്നത്.

## 2-10 ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രീവത്സം മൂവീസ്, കുളത്തൂർ, എന്ന സ്ഥാപനത്തിന്റെ ( 2016-17 വർഷത്തെ) ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയിട്ടില്ല. ടിക്കറ്റുകൾ സീൽ ചെയ്ത്, രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വിനോദ നികുതി കൃത്യമായി ഈടാക്കാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചാത്തിന് ലഭിക്കേണ്ട നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-11 സാംഖ്യ രസീതി സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ രസീതികളുടെ വിവരം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ അവസാനം ഇഷ്യൂ ചെയ്തതായി കാണിക്കുന്ന രസീതികളല്ല ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. രസീതി സ്റ്റോക്ക് വരവും ഫ്രണ്ട് ഓഫീസിലേക്ക് ഇഷ്യൂ ചെയ്യുന്നതും കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ഓട്ടോറിക്ഷാ വിതരണം -അപാകതകൾ

പ്രൊജക്ട്. 72/17

ബിൽ. 14/30.3.2017 തുക. 2,00,000 (പ്ലാൻ SCP)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 4 പേർക്ക് ഓട്ടോറിക്ഷ വിതരണം ചെയ്തിട്ടുണ്ട്. 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇത്തരം സഹായങ്ങൾ നൽകുമ്പോൾ ഗുണഭോക്താക്കൾക്ക് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾക്ക് മറ്റ് ഏജൻസിയിൽ നിന്ന് സഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ ധനസഹായം കൈപറ്റിയ ചുവടെ കാണിച്ച ഗുണഭോക്താക്കൾ ആവശ്യമായ മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| ശ്രീ. ഉണ്ണികൃഷ്ണൻ മാനിയിൽ | എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ രേഖകൾ |

| | |
|---|---|
| ശ്രീ. വിമേഷ് മംഗലംതൊടി | ,, |
| ശ്രീ. വിജയൻ ഏറാടത്തൊടി | വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ, ലൈസൻസ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ രേഖകൾ |

രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

3/1.8.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വിവാഹ ധനസഹായം -അപാകതകൾ

നിർവ്വഹണം. അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട്. 128/17 900000 (പ്ലാൻ SCP)

ബിൽ 4/7.3.17 തുക. 300000

ബിൽ 8/21.3.17 തുക. 300000

ബിൽ 9/30.3.17 തുക. 300000

മേൽ പ്രൊജക്ട് പ്രകാരം 18പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ധനസഹായം കൈപറ്റിയ ചുവടെ കാണിച്ച ഗുണഭോക്താക്കൾ ആവശ്യമായ മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ട്രഷറി ബിൽ | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| ശ്രീമതി യശോദ മണിയിൽ | ബിൽ 4/7.3.17 | 50000 | പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം |
| ശ്രീമതി സരോജിനി കാരുപറമ്പിൽ | ,, | 50000 | അപേക്ഷ,വരുമാന സാക്ഷ്യപത്രം,പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. |
| ശ്രീമതി മീനാക്ഷി പുളിച്ചിലത്തൊടി | ,, | 50000 | പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. |
| ശ്രീ.പരമേശ്വരൻ ചോലക്കാപറമ്പിൽ | ,, | 50000 | വരുമാന സാക്ഷ്യപത്രം,പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. |
| ശ്രീമതി. വൽസല ചോലപറമ്പിൽ | ബിൽ 8/21.3.17 | 50000 | ,, |

| | | | |
|---|---|---|---|
| ശ്രീ. രാമൻകുട്ടി പാതിരാംകുന്നത്ത് | ,, | 50000 | ,, |
| ശ്രീമതി. സാവിത്രി ഇല്ലത്തുംപടി | ,, | 50000 | പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. |
| ശ്രീമതി. കാർത്ത്യായനി കൈപഞ്ചേരി | ,, | 50000 | വരുമാന സാക്ഷ്യപത്രം |
| ശ്രീ. രവി ചേക്കലപ്പുറത്ത് | ബിൽ 9/30.3.17 | 50000 | വരുമാന സാക്ഷ്യപത്രം |
| ശ്രീമതി നാരായണി ഏറാതൊടി | ,, | 50000 | ,, |
| ശ്രീ. രാജൻ മുണ്ടുമ്മൽ കുന്നത്ത് | ,, | 50000 | ,, |
| ശ്രീ. വേലായുധൻ ആനകിടാരം പറമ്പിൽ | ,, | 50000 | വരുമാന സാക്ഷ്യപത്രം,പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. |
| ശ്രീമതി പത്മിനി വടിശ്ശേരി | ,, | 50000 | പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. |
| ആകെ | | 650000 | |

കൂടാതെ ബിൽ 4 പ്രകാരം പിൻവലിച്ച 300000 ലക്ഷം രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടുമില്ല.

രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 4/1.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 7,50,000 (6,50,000+1,00,000) (ബിൽ 4 പ്രകാരം പിൻവലിച്ച 3 ലക്ഷം രൂപയിൽ ഖണ്ഡികയിൽ പരാമർശിച്ച 2 ലക്ഷം കിഴിച്ച് )തടസ്സം ചെയ്യുന്നു.

## 3-3 പട്ടികജാതി മേഖലയിൽ സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കൽ -അപാകതകൾ

പ്രൊജക്ട്. 160/2017 (പ്ലാൻ SCP)

ബിൽ 13/30.3.2017 തുക. 299000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് മെനോര പവർ (തൃശ്ശൂർ) എന്ന സ്ഥാപനത്തിൽ നിന്ന് 92 LED ബൾബുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരം, സ്ഥാപനം തുക കൈപറ്റിയതിന്റെ രസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5/1.8.2017നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 2,99,000 രൂപ തടസ്സം ചെയ്യുന്നു.

## 3-4 പട്ടികജാതി ജാതി കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനുള്ള ഫൈബർ ടാങ്ക് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട്. 75/2017 (പ്ലാൻ SCP)

ബിൽ. 6/15.3.2017 തുക. 310420

ബിൽ. 7/15.3.2017 തുക. 119680

ബിൽ. 11/30.3.2017 തുക. 29900

അസിസ്റ്റന്റ് സെക്രട്ടറി ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഫൈബർ ടാങ്ക് വാങ്ങിയിരിക്കുന്നത് 'റെയ്ഡ്കൊ'യിൽ നിന്നാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടിയിലൂടെയാണ് ഫൈബർ ടാങ്ക് വാങ്ങിയത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടി സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ബിൽ. 11/3 0.3.2017 പ്രകാരം 29,900 രൂപക്ക് ഫൈബർ ടാങ്ക് വാങ്ങിയതിന്റെ ഇൻവോയ്സ്/ബില്ല് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ബിൽ പ്രകാരമുള്ള തുക 'റെയ്ഡ്കൊ' കൈപറ്റിയതിന്റെ വിവരം (രസീത്) ഹാജരാക്കിയിട്ടില്ല.

4. ടാങ്ക് സ്റ്റോക്കിലെടുത്തതിന്റെ വിവരം, ഗുണഭോക്താക്കളുടെ കൈപറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.
5. ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
6. മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനായിട്ടാണ് ഫൈബർ ടാങ്ക് വിതരണം ചെയ്യുന്നത് എന്നാണ് പ്രൊജക്ടിൽ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾ മഴവെള്ളം സംഭരിക്കുന്നതിനുള്ള അനുബന്ധ പ്രവൃത്തികൾ (മേൽക്കൂരയിൽ നിന്ന് മഴവെള്ളം പൈപ്പ് വഴി താഴേക്കിറക്കുന്നതിനുള്ള പ്രവൃത്തികൾ) ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 14/2.8.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 460000 രൂപ തടസ്സം ചെയ്യുന്നു.

## 3-5 ദിവസ വേതന ജീവനക്കാരന് അധിക നിരക്കിൽ ഉൽസവ ബത്ത നൽകി

ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. അബ്ദുൽ ബഷീർ. പി.കെ എന്ന ജീവനക്കാരന് 21600337/8.9.2016 വൗച്ചർ മുഖേന 2400 ഉൽസവ ബത്ത

നൽകിയിട്ടുണ്ട്. എന്നാൽ GO(P)130/16 ധനം തീയ്യതി 1.9.2016 ഉത്തരവ് പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് 1100 രൂപയാണ് ഉൽസവ ബത്തയായി നൽകാവുന്നത്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 3-6 അസിസ്റ്റന്റ് സെക്രട്ടറി-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. അസിസ്റ്റന്റ് സെക്രട്ടറി 14.12.2016 വരെ മാത്രമെ കാഷ് ബുക്കിൽ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളൂ. ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട ഏറ്റവും സുപ്രധാന രേഖയായ കാഷ് ബുക്ക് എഴുതി പൂർത്തിയാക്കാത്തത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

2. പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി കാഷ് ബുക്ക് എന്നിവയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-7 കൈപറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയ തുകക്കുള്ള രസീത്, വിനിയോഗ സാക്ഷ്യപത്രം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് 974657 രൂപ തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ | തുക | ചെലവ് വിവരം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 21600228/30.7.2016 | 15840 | ദേശാഭിമാനി ദിനപത്രത്തിന് പരസ്യ ചാർജ് | രസീത് |
| 21600439/28.10.2016 | 5000 | അഡ്വ:ശ്രീ.VG. അരുൺ-ന് വക്കീൽഫീസ് നല്കിയത്. | ,, |
| 21600574/29.12.2016 | 700000 | SSAവിഹിതം അടവാക്കിയത് | ,, |
| 21600573/29.12.2016 | 53092 | IKMന് വിഹിതം നൽകിയത് | രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 21600570/29.12.2016 | 3500 | കുഴൽ കിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ സർവ്വേ ചാർജ് അടവാക്കിയത് | കുഴൽ കിണർ കുഴിച്ചതിന്റെയും വെള്ളം ലഭ്യമായതിന്റെയും വിശദാംശങ്ങൾ |
| 21600628/4.2.2017 | 10000 | കണ്ണൂരിൽ നടക്കുന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിക്ക് സംഭാവന | രസീത് |
| 21600627/4.2.2017 | 3000 | കണ്ണൂരിൽ നടക്കുന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിക്ക് പ്രസിഡണ്ട്/സെക്രട്ടറി എന്നിവർക്ക് താമസ സൗകര്യത്തിനുള്ള തുക | രസീത്, പങ്കെടുത്തതിന്റെ വിവരം |

| | | | |
|---|---|---|---|
| | | അടവാക്കിയത് | |
| 21600836/22.3.2017 | 5250 | കൊളത്തൂർ ബസ്റ്റാന്റിലെ കുഴൽ കിണർ റിപ്പയർ ആവശ്യത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയത്. | കുഴൽ കിണർ റിപ്പയർ ചെയ്ത് ഉപയോഗ പ്രദമാക്കിയതിന്റെ വിവരം. |
| 21600856/27.3.2017 | 150000 | സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകിയത് | രസീത്, വിനിയോഗ്യ സാക്ഷ്യപത്രം |
| 21600857/27.3.2017 | 9600 | അംഗൻവാടി ഇലക്ട്രിഫിക്കേഷന് വേണ്ടി KSEBയിൽ അടവാക്കിയത്. | രസീത്, വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ വിവരം. |
| 21600855/27.3.2017 | 19375 | PMAY പദ്ധതിക്ക് സംഭാവന | രസീത്, വിനിയോഗ സാക്ഷ്യപത്രം. |
| ആകെ | 974657 | | |

## 3-8 വക്കീൽ ഫീസ് തിരികെ ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിനെതിരെ ശ്രീ. മൊയ്തീൻകുട്ടി മഞ്ചേരി ജില്ലാ കോടതിയിൽ നൽകിയ കേസ് (നമ്പർ OS-262/10) 28-11-23014ലെ വിധയിൽ ചെലവ് സഹിതം തള്ളി വക്കീൽ ഫീസിനത്തിൽ 45872 രൂപ നൽകുന്നതിന് ബഹു. കോടതി നിർദ്ദേശിക്കുകയും മുമ്പ് നൽകിയിട്ടുള്ള 41622 രൂപ 21600031/15.4.2016 നമ്പർ വൗച്ചർ പ്രകാരം അഡ്വക്കറ്റ് കേശവൻ നായർക്ക് നൽകിയിട്ടുണ്ട്. തുക പിന്നീട് എതിർ കക്ഷിയിൽ നിന്ന് ഈടാക്കണം എന്ന് 11-04-2016ലെ ഭരണ സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കുറിപ്പെഴുതിയാണ് വക്കീലിന് തുക നൽകിയിട്ടുള്ളത്. പ്രസ്തുത തുക 45872/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് ശ്രീ. മൊയ്തീൻകുട്ടിക്ക് നോട്ടീസ് അയക്കാൻ 13-04-2016ൽ ഓഫീസ് ഉത്തരവുണ്ട്. എന്നാൽ നാളിത് വരെയായിട്ടും തുക തിരികെ ഈടാക്കിയിട്ടില്ല.

പ്രസ്തുത തുക തിരികെ ഈടാക്കിയത് സംബന്ധിച്ച് നൽകിയ 8/1-8-17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 41622 രൂപ തടസ്സം ചെയ്യുന്നു.

## 3-9 കോടതി വിധി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തി

2006-07 വർഷത്തെ ചന്തപ്പടി വടക്കെ കുളമ്പ് റോഡ്, ചെയിൻപടി-പെരുമ്പറമ്പ് റോഡ് (JRY) എന്നീ പ്രവൃത്തികളുടെ ബിൽ തുക യഥാസമയം കൺവീനർക്ക് നൽകാതിരുന്നതിനെ തുടർന്ന് കക്ഷികൾ കോടതിയെ സമീപിക്കുകയും 12.1.2016 ലെ WP(C)25691 of 2008 നമ്പർ വിധിന്യായത്തിലൂടെ ബിൽ തുക 6% പലിശ സഹിതം കൺവീനർക്ക് നൽകാൻ കോടതി വിധിക്കുകയും ചെയ്തു. തുടർന്ന് താഴെ കാണും വിധം 242427 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ തുക കൺവീനർക്ക് യഥാസമയം നൽകാതിരുന്നതിന് കാരണം ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

കോടതിയുടെ വിധി പകർപ്പ് 20.1.2016 ന് ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. വിധി പകർപ്പ് ലഭിച്ച് 3 മാസത്തിനകം കൺവീനർക്ക് തുക നൽകണമെന്നായിരുന്നു കോടതി വിധി. എന്നാൽ ടി കാലയളവിൽ സെക്രട്ടറിമാർ മാറി മാറി വരികയും, സ്ഥിരം സെക്രട്ടറി ഇല്ലാതിരിക്കുകയും ചെയ്തതിനാൽ ടി തുക

യഥാസമയം നൽകുന്നതിൽ മനപ്പൂർവ്വമല്ലാത്ത വീഴ്ച സംഭവിക്കുകയുണ്ടായി എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കോടതി വിധി വന്ന ശേഷവും പ്രവൃത്തിയുടെ തുക കൺവീനർമാർക്ക് യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഗ്രാമ പഞ്ചായത്തിന് 11200രൂപ(20-01-2016 മുതൽ 24-03-2017)വരെ പലിശയിനത്തിൽ അധികം നൽകേണ്ടി വന്നിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹണം കഴിഞ്ഞ് 10 വർഷം കഴിഞ്ഞിട്ടും കൺവീനർമാർക്ക് തുക നൽകാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതും, കോടതി വിധി പ്രകാരം കൺവീനർമാർക്ക് ചെലവ് തുക യഥാസമയം നൽകാതിരുന്നത് വഴിയുണ്ടായ അധിക ചെലവ് തുക നൽകാൻ കാലതാസം വരുത്തിയ ഉത്തരവാദിയായ സെക്രട്ടറിമാരിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രവൃത്തി | വൗച്ചർ | ബിൽ തുക | പലിശ | ആകെ |
|---|---|---|---|---|
| ചന്തപ്പടി വടക്കെ കുളമ്പ് റോഡ് | 21600838/24.3.2017 | 110000 | 56669 | 166669 |
| ചെയിൻപടി-പെരുമ്പറമ്പ് റോഡ് | 21600839/24.3.2017 | 50000 | 25788 | 75758 |

## 3-10 ജീവനക്കാരിൽ നിന്ന് SLI വരിസംഖ്യ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റ് ശ്രീ.എ.സുധീപ് കുമാർ-ന്റെ ശമ്പളത്തിൽ നിന്ന് 2016 മാർച്ച് മാസം മുതൽ നവമ്പർ വരെ SLI വരിസംഖ്യ ഈടാക്കിയിട്ടില്ല. 21650 രൂപ അടിസ്ഥാന ശമ്പളം വാങ്ങുന്ന ശ്രീ.സുധീപ് കുമാറിൽ നിന്ന് 375 രൂപ വീതം ഈടാക്കേണ്ടതായിരുന്നു. സേവനത്തിൽ പ്രവേശിച്ച് 8 വർഷം കഴിഞ്ഞ അദ്ദേഹത്തിൽ നിന്ന് SLI വിഹിതം ഈടാക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റേറ്റ് ഇൻഷൂറൻസ് ഓഫീസുമായി ബന്ധപ്പെട്ട് അടവാക്കാൻ വിട്ട് പോയ തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറിയില്ല.

ഗ്രാമ പഞ്ചായത്തിലെ മുണ്ടുമ്മൽകുന്ന് കുടിവെള്ള പദ്ധതി, ചെറുകുഴി മിനി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്കായി ഓഡിറ്റ് വർഷം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി, വൈദ്യുതി ചാർജ് അടവാക്കൽ, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ ഗുണഭോക്തൃ സമിതി വഹിക്കണം എന്ന് 30.5.2009 ലെ സ.ഉ.(സാ).നം 1275/2009 ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവിന് വിരുദ്ധമായി ഗ്രാമ പഞ്ചായത്തിൽ നിന്ന് കുടിവെള്ള പദ്ധതിക്കായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിവെള്ള പദ്ധതികൾ എത്രയും വേഗം ഗുണഭോക്തൃ സമിതിക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവിനം. തുക | | ആകെ |
|---|---|---|---|
| | പമ്പ് ഓപ്പറേറ്ററുടെ വേതനം | വൈദ്യുതി ചാർജ് | |
| മുണ്ടുമ്മൽകുന്ന് കുടിവെള്ള | 32240 | 164847 | 197087 |

| | | | |
|---|---|---|---|
| പദ്ധതി | | | |
| ചെറുകുഴി കുടിവെള്ള പദ്ധതി | 33400 | 97691 | 131091 |
| ആകെ | 65640 | 262538 | 328178 |

## 3-12 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സകോളർഷിപ്പ്-ബ്ലോക്ക് വിഹിതം വിതരണം ചെയ്തില്ല

ചെക്ക്. 1297531/14-03-2017 തുക. 150000 (ബ്ലോക്ക് ഷെയർ) ബിൽ 5/18-03-2017 – 475000

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ

മേൽ പ്രൊജക്ട് പ്രകാരം മങ്കട ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 150000 ലക്ഷം രൂപ (2015-16 വർഷം വകയിരുത്തിയ തുക) നാളിത് വരെയായിട്ടും വിതരണം ചെയ്തിട്ടില്ല. തുക വിതരണം ചെയ്യാത്തത് സംബന്ധിച്ച് 11/2.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്- ലഭ്യമായ തുക ആകെയുള്ള 79 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുമ്പോൾ നാമ മാത്രമായ തുക മാത്രമേ ഒരാൾക്ക് ലഭ്യമാവൂ എന്നതിനാലും, SBT-SBI ലയനം നടക്കുന്ന സമയമായിരുന്നതിനാൽ ബാങ്കുകാർ തടസ്സം പറഞ്ഞതിനാലുമാണ് പ്രസ്തുത തുക വിതരണം ചെയ്യാതിരുന്നത് എന്നും, തുക ഉടൻ തന്നെ വിതരണം ചെയ്യുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. തുക എത്രയും വേഗം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ

1. ഇതേ പദ്ധതിയിൽ 2016-17 വർഷം 200000 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായും, 150000 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും വകയിരുത്തിയിരുന്നുവെങ്കിലും ആയത് ഓഡിറ്റ് തീയ്യതി വരെയും ലഭ്യമായിട്ടില്ല.

2. ആകെ വിതരണം ചെയ്ത 4,75,000/-രൂപയിൽ പദ്ധതി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 7668 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ശരാശരി 3300 രൂപ വീതവുമാണ് വിതരണം ചെയ്തിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 19200 രൂപ (ഉല്ലാസ യാത്ര നടത്തുന്നതിനുൾപ്പെടെ) അനുവദിക്കാവുന്നതാണ്.ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസുകൾക്കനുസരിച്ച് നിശ്ചയിച്ച തുകക്കും അർഹതയുണ്ട്. സർക്കാർ നിശ്ചയിച്ച നിരക്കിൽ അനുവദനീയമായ പരമാവധി തുക തന്നെ ഇത്തരം അവശതയനുഭവിക്കുന്നവർക്ക് നൽകാൻ ശ്രമിക്കേണ്ടതാണ്. കൂടാതെ വിദ്യാലയങ്ങളിൽ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകാനും സർക്കാർ അനുമതിയുള്ളതാണ്. അങ്ങനെയുള്ളവർ ഗ്രാമ പഞ്ചായത്ത് പരിധിയിലുണ്ടെങ്കിൽ അവർക്കും ധനസഹായം നൽകാൻ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 സ്ട്രീറ്റ് ടാപ്പുകൾ സംയുക്ത പരിശോധന നടത്തിയില്ല

ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 58625 രൂപ വീതം കേരള വാട്ടർ അതോരിറ്റിയിൽ അടവാക്കുന്നുണ്ട്. 134 ടാപ്പുകൾക്കുള്ള തുകയാണ് അടവാക്കുന്നത്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് വാട്ടർ അതോരിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവൃത്തിക്കുന്ന ടാപ്പുകൾക്കുള്ള വെള്ളക്കരം തന്നെയാണ് അടവാക്കുന്നത് എന്ന് ഉറപ്പില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നതാണെങ്കിലും ഗ്രാമ പഞ്ചായത്ത് നാളിത് വരെയായിട്ടും ഇക്കാര്യത്തിൽ തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

വാട്ടർ അതോരിറ്റിയുമായി ചേർന്ന് എത്രയും വേഗം സംയുക്ത പരിശോധന നടത്തി അർഹമായ തുക തന്നെയാണ് വെള്ളക്കരമിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പെൻഷൻ അംശദാനം അടവാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ വി.എച്ച് ഹബീബിന് ശമ്പള കുടിശ്ശിക നൽകിയപ്പോൾ കുടിശ്ശിക തുകയിൽ ഉൾപെട്ട അടിസ്ഥാന ശമ്പളത്തുകക്ക് ആനുപാതികമായി അടവാക്കേണ്ടിയിരുന്ന 15% പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല. പെൻഷൻ അംശദാനം അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ | തുക | കുടിശ്ശിക തുകയിൽ ഉൾപെട്ട അടിസ്ഥാന ശമ്പളം | അടവാക്കേണ്ട പെൻഷൻ അംശദാനം (15%) |
|---|---|---|---|
| 21600140/6.6.2016 | 8364 | 38610 | 5792 |

## 3-15 പി.എച്ച്.സി ഫാർമസിക്ക് എയർ കണ്ടീഷണർ സ്ഥാപിക്കൽ - അപാകതകൾ

മെഡിക്കൽ ഓഫീസർ (PHC) നിർവഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സി ഫാർമസിക്ക് എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് പ്രോജക്ട് നം. 126/17 പ്രകാരം 59,379 രൂപ തിരുവനന്തപുരം KMSCL (കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ്) ന് 14.03.17 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1) അംഗീകൃത പ്രോജക്ട് പ്രകാരം എയർ കണ്ടീഷണർ വാങ്ങേണ്ടത് പൊതുമാർക്കറ്റ് /ചന്ത/ വ്യക്തികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചാണ്.എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെ KMSCL ന് തുക നൽകുകയാണ് ചെയ്തത്.

2) എയർ കണ്ടീഷണർ നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും KMSCL എയർ കണ്ടീഷണർ സ്ഥാപിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ചെലവുതുക 59,379 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-16 രോഗനിർണ്ണയ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവഹണ ഉദ്യോഗസ്ഥനായി വൃദ്ധജന പരിപാലനത്തിന് രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ടിന്റെ (നം. 207/17) ഭാഗമായി രോഗനിർണ്ണയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 1,54,017 രൂപ തിരുവനന്തപുരം KMSCL (കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ്) ന് 29.03.17 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല.

KMSCL -ൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക 1,54,017 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-17 അലോപ്പതി മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് തിരുവനന്തപുരം KMSCL (കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ്) ന് തുക മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയും മരുന്ന്

ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക | തിയതി |
|---|---|---|---|
| 1 | PHC യിലേക്ക് മരുന്ന് വാങ്ങൽ<br>നം. 65/17 | 200000 | 29.03.17 |
| 2 | മാനസിക രോഗികൾക്ക് മരുന്ന്<br>നം. 64/17 | 50000 | 29.03.17 |
| 3 | പരിരക്ഷ<br>നം. 63/17 | 188355 | 29.03.17 |
| | ആകെ | 438355 | |

KMSCL ൽ നിന്ന് മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക 4,38,355 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-18 തെരുവുനായ നിയന്ത്രണ പദ്ധതി- അപാകതകൾ

പ്രൊജക്ട് : എ.ബി.സി. പദ്ധതി

നം. 173/2017

ചെക്ക് നം. 1297536/14-3-17 Rs. 1,00,000

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം തനതു ഫണ്ടു തുക1,00,000 രൂപ , തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടരുടെ പേരിലുള്ള 799011400000305 എന്ന ട്രഷറി സേവിംഗ്സ് എക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്.

പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2) ജില്ലാ പഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ട സംയുക്ത പ്രൊജക്ടിന്റെ വിവരം ലഭ്യമല്ല.

3) ജില്ലാ പഞ്ചായത്തിനു വേണ്ടിയുള്ള തുക നിർവഹണ ഉദ്യോഗസ്ഥന്റെ പ്രത്യേക അക്കൌണ്ടിലേക്ക് മാറ്റിയതു ക്രമത്തിലല്ല. ആയതു ജില്ലാ പഞ്ചായത്തിന്റെ സാംഖ്യയിൽ തയ്യാറാക്കുന്ന വാർഷികക്കണക്കിൽ ഉൾപ്പെടുത്തേണ്ടതും, ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കേണ്ടതുമായതിനാൽ, ജില്ലാ പഞ്ചായത്തിനു കൈമാറേണ്ടതായിരുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യുന്നതു വരെ 1,00,000 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-19 ആശ്രയ പദ്ധതി നിശ്ചലമായി

സമൂഹത്തിലെ ഒറ്റപ്പെട്ടവരും ദരിദ്രരും അശരണരുമായ കുടുംബങ്ങളുടെ സാമൂഹ്യസുരക്ഷ ലക്ഷ്യമാക്കി, ആവശ്യമായ സഹായങ്ങൾ എത്തിച്ച് അഗതികുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രോജക്ടാണ് 'ആശ്രയ'.

ഗ്രാമ പഞ്ചായത്തിൽ 2005-06 മുതൽ 2007-08 കൂടിയുള്ള കാലയളവിൽ നടപ്പാക്കാനുദ്ദേശിച്ച് ആശ്രയ

പദ്ധതി തയ്യാറാക്കിയിരുന്നു. 108 കുടുംബങ്ങളിലെ 459 അംഗങ്ങൾ ആയിരുന്നു ഗുണഭോക്താക്കൾ. വിവധ സ്രോതസ്സുകളിൽ നിന്നായി 53,81,200 രൂപ അടങ്കൽ നിശ്ചയിച്ച ഈ പ്രോജക്ടിൽ 21 കുടുംബങ്ങൾക്ക് ഭക്ഷണവും 8 പേർക്ക് പെൻഷനും 301 പേർക്ക് ചികിത്സാ സഹായവും 168 പേർക്ക് വിദ്യാഭ്യാസ സഹായവും 18 കുടുംബങ്ങൾക്ക് വീടിന് സ്ഥലവും 104 കുടുംബങ്ങൾക്ക് വീടും 7 പേർക്ക് വീട് പുനരുദ്ധാരണ സഹായവും 103 കുടുംബങ്ങൾക്ക് കക്കൂസും 105 കുടുംബങ്ങൾക്ക് കുടിവെള്ള കിണറും നൽകാൻ ലക്ഷ്യമിട്ടിരുന്നു.

മേൽപ്പറഞ്ഞവയിൽ ഏതെല്ലാം സേവനങ്ങൾ ആർക്കെല്ലാം നൽകിയെന്ന് ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമല്ല. വിവിധ സ്രോതസ്സുകളിൽ നിന്ന് വകയിരുത്തിയ ഫണ്ടുകളിൽ ഗ്രാമ പഞ്ചായത്തിന് എത്ര ലഭ്യമായെന്നും എത്ര ചെലവഴിച്ചുവെന്നും വ്യക്തമല്ല. കുടുംബശ്രീ ജില്ലാ മിഷന് മാസംതോറും ഗ്രാമ പഞ്ചായത്ത് സമർപ്പിക്കുന്ന ആശ്രയ – സ്ഥാപന തല ധനകാര്യ വിശകലന പത്രികയിലെ വിവരങ്ങളും പൂർണ്ണമല്ല.

കനറാ ബാങ്ക് വളാഞ്ചേരി ശാഖയിലുള്ള ആശ്രയ അക്കൗണ്ടിൽ ആശ്രയ ഗുണഭോക്താവിനു വേണ്ടി അവസാനമായി പണം പിൻവലിച്ചത് 06.12.2010 നാണ് . പദ്ധതി പ്രവർത്തനം നിലച്ചിട്ട് ഏഴ് വർഷത്തോളമായി. നിലവിൽ 4,94,814 രൂപ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പാണ്.

2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖയായ സ.ഉ (എം.എസ്) 4/2016/ തസ്വഭവ തി: 11.01.16 അനുബന്ധം 13 ൽ, അഗതി കുടുംബങ്ങൾക്കു വേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് ഉണ്ടായിരിക്കണമെന്നും ആശ്രയ പ്രോജക്ട് തയാറാക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒരു പ്രോജക്ട് രൂപീകരിച്ച് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അടുത്ത സാമ്പത്തിക വർഷത്തിൽ നിർബന്ധമായും സ്പിൽ ഓവറായി പദ്ധതി പ്രവർത്തനം തുടരേണ്ടതാണെന്നും ടി ഉത്തരവിൽ പറയുന്നു. എന്നാൽ 2016-17 ൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 4,20,000 രൂപ അടങ്കലിൽ 'ആശ്രയ പദ്ധതി- തുടർനടത്തിപ്പ് ' (നം. 159/17) എന്ന പ്രോജക്ട് തയാറാക്കിയെങ്കിലും നടപ്പാക്കിയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, തദ്ദേശഭരണ സെക്രട്ടറി, സി.ഡി.എസ്.ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ആഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസിലെ സാമൂഹ്യ വികസന (ആശ്രയ) ത്തിന്റെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളുമായ ഉപസമിതി ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തണമെന്നും ഉപസമിതിയുടെ റിപ്പോർട്ട് പഞ്ചായത്ത് സമിതിയിൽ വിലയിരുത്തേണ്ടതാണെന്നും രണ്ടു മാസത്തിലൊരിക്കൽ പഞ്ചായത്ത് സമിതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതാണെന്നും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രവർത്തനം നിലച്ചിട്ട് ഏഴ് വർഷത്തോളമായിട്ടും ഉത്തരവാദപ്പെട്ടവർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ലഭിക്കേണ്ട അഗതി കുടുംബങ്ങൾക്ക് അർഹമായ പരിചരണ സേവനങ്ങൾ യഥാസമയം നൽകുന്നതിൽ ഗ്രാമ പഞ്ചായത്തും കുടുംബശ്രീയും ഗുരുതരമായ അനാസ്ഥയാണ് കാണിച്ചത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആശ്രയ പദ്ധതി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന്ട്രാക്ടർ- പദ്ധതി നിർവ്വഹണത്തിലെ അപാകത | നടപടിതുടരുന്നു. |
| | - | | 14 | ഓഫ്സെറ്റ് പ്രസ്സ് 7.5 ലക്ഷം നഷ്ടം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2016-2017 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96516976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46789921 |
| വരവിനങ്ങളിലുള്ള നഷ്ടം | 2250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3677030 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2000 | | ശ്രീ.രാകേഷ് മോഹൻ.എം. (സെക്രട്ടറി ഇൻ ചാർജ്) |
| 2-4 | 250 | | ശ്രീ.ഷറഫുദ്ദീൻ.ഇ. (സെക്രട്ടറി) |
| 3-5 | | 1300 | ശ്രീ.ഹബീബ്. വി.എച്ച്.സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,50,000 | ശ്രീമതി മീരാഭായ്. കെ, അസി.സെക്രട്ടറി |
| 3-2 | 7,50,000 | ശ്രീമതി മീരാഭായ്. കെ, അസി.സെക്രട്ടറി |
| 3-3 | 2,99,000 | ശ്രീമതി മീരാഭായ്. കെ,അസി.സെക്രട്ടറി |
| 3-4 | 4,60,000 | ശ്രീമതി മീരാഭായ്. കെ, അസി.സെക്രട്ടറി |
| 3-7 | 9,74,657 | 7,90,432 ശ്രീ. ഹബീബ്. വി.എച്ച്, സെക്രട്ടറി<br>1,84,225 ശ്രീമതി മീരാഭായ്. കെ. (സെക്രട്ടറി ഇൻ ചാർജ്) |
| 3-8 | 41,622 | ശ്രീ. ഹബീബ്. വി.എച്ച്, സെക്രട്ടറി |
| 3-15 | 59,379 | ഡോ.കെതുൽ പ്രമോദ്. ഇ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-16 | 1,54,017 | ഡോ.കെതുൽ പ്രമോദ്. ഇ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-17 | 4,38,355 | ഡോ.കെതുൽ പ്രമോദ്. ഇ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-18 | 1,00,000 | ഡോ. കെ.പി. മുജീബ്റഹ്മാൻ, വെറ്റിനറി സർജൻ |
| ആകെ | 3677030 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2(1)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതിരജിനവാസുദേവൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>മൂർക്കനാട് ഗ്രാമ പഞ്ചായത്ത് | ഒരുമ, 136 ദേവിപ്രിയ, കിടങ്ങ്,കാലികറ്റ് റോഡ്<br>പെരിന്തൽമണ്ണ |
| ശ്രീ.ഷറഫുദ്ദീൻ.ഇ. (സെക്രട്ടറി) | സെക്രട്ടറി മൂർക്കനാട് ഗ്രാമ പഞ്ചായത്ത് | എടക്കുടമ്പൻ, മങ്കട പള്ളിപ്പുറം.പി.ഒ.679324 |
| ശ്രീ. രാകേഷ് മോഹൻ.എം. | ലഭ്യമല്ല | ലഭ്യമല്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.എം6/181/83/19-7-89/ | 4 | |
| 1980-81 | എൽ.എഫ്.എം6/167/84/19-7-89 | 6 | |
| 81-82 | എൽ.എഫ്.എം6/11451/85/19-7-89 | 12 | |
| 84-85 | എൽ.എഫ്.എം6/150/90/10-5-90 | 13 | |
| 85-86 | എൽ.എഫ്.എം6/1387/90/20-2-91 | 18 | |
| 86-87,87-88 | എൽ.എഫ്.എം6/642/92/29-8-92 | 20 | |
| 93-94,94-95 | എൽ.എഫ്.എം13/3268/14/16-12-14 | 4 | |
| 96-97 ചെലവ് | എൽ.എഫ്.എം13/3294/14/16-12-14 | 1 | |
| 97-98മുതൽ<br>01-02 വരെ (ചെലവ്) | എൽ.എഫ്.എം13/3274/14/16-12-14 | 77 | s |
| 96-97 (വരവ്) | എൽ.എഫ്.എം13/3270/14/16-12-14 | 3 | |
| 97-98 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം.13/3271/14/16-12-14 | 4 | |
| 98-99 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3295/14/16-12-14 | 4 | |
| 99-2000 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3272/14/16-12-14 | 2 | |

| | | | |
|---|---|---|---|
| 2000-01 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3273/14/16-12-14 | 4 | |
| 01-02 | എൽ.എഫ്.എം12/2116/07/4-9-08 | 8 | |
| 02-03 | എൽ.എഫ്.എം12/1891/08/29-1-09 | 8 | |
| 03-04 | എൽ.എഫ്.എം12/1892/08/31-1-09 | 25 | |
| 04-05 | എൽ.എഫ്.എം12/1893/08/31-1-09 | 15 | |
| 05-06 | എൽ.എഫ്.എം12/2005/09/5-10-10 | 36 | |
| 06-07 | എൽ.എഫ്.എം12/418/09/21-11-11 | 16 | |
| 07-08 | എൽ.എഫ്.എം12/20/12/9-1-12 | 9 | |
| 08-09 | എൽ.എഫ്.എം12/21/12/9-1-12 | 9 | |
| 09-10, 10-11 | കെ.എസ്.എ.എം.പി.എം13/1483 /14/11.02.16 | 21 | |
| 11-12, 12-13 | എൽ.എഫ്.എം13/1557/14/18-5-15 | 24 | |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം.<br>13/1781/15 /09-09-2015 | 18 | |
| 15-16 | കെ.എസ്.എ.എം.പി.എം. 27/2500 /16/01.10.16 | 23 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

# 5-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.27/1880/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

dompm.ksad@kerala.gov.inഇ-മെയിൽ:

തീയതി 18-08-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൻറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## AUDIT CERTIFICATE

KSA-MPM.27/1880/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated :18-08-2017

Certified that I have audited the Annual Financial Statement of MOORKKANAD GRAMA PANCHAYAT in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of MOORKKANAD Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR
DISTRICT AUDIT OFFICE, MALAPPURAM